പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2024-ലെ പ്രീ പ്രൈമറി ശാക്തീകരണ ബിൽ

(ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2024-ലെ പ്രീ പ്രൈമറി ശാക്തീകരണ ബിൽ

(ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

83/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 234

# 2024-ലെ പ്രീ പ്രൈമറി ശാക്തീകരണ ബിൽ

(ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ. നോട്ടീസ് നൽകിയത്)

## സ്വഭാവ രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കുന്ന വികാസഘട്ടമായ പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണത്തിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

## ബിൽ

പീഠിക.—കേരള സംസ്ഥാനത്തിന്റെ വികസനത്തിന് നാന്ദി കുറിക്കുന്ന മനുഷ്യ വിഭവ രൂപീകരണത്തിനായി ഏറ്റവും ശ്രദ്ധിക്കേണ്ട കുട്ടികളുടെ വികാസ ഘട്ടമായ പ്രീ പ്രൈമറി വിദ്യാഭ്യാസ കാലഘട്ടം ശാക്തീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി ഒരു നിയമം ഉറപ്പുവരുത്തേണ്ടത് യുക്തമായതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(എ) ഈ ആക്റ്റിന് '2024-ലെ പ്രീ പ്രൈമറി ശാക്തീകരണ സംരക്ഷണ ആക്റ്റ്' എന്ന് പേര് പറയാം.

(ബി) ഇതിന് കേരള സംസ്ഥാനം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(സി) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്ന് അർത്ഥമാകുന്നു;

(ബി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ വകുപ്പ് എന്നർത്ഥമാകുന്നു;

(സി) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(ഡി) "ബോർഡ്" എന്നാൽ ഈ ആക്റ്റിലെ മൂന്നാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണ ബോർഡ് എന്ന് അർത്ഥമാകുന്നു;

(ഇ) "ഭൗതികം" എന്നാൽ ഭൗതിക സാഹചര്യങ്ങൾ എന്ന് അർത്ഥമാകുന്നു;

(എഫ് ) "അക്കാദമികം" എന്നാൽ അക്കാദമിക പഠന പ്രവർത്തനങ്ങൾ എന്ന് അർത്ഥമാകുന്നു;

(ജി)"ശാരീരികം" എന്നാൽ കുട്ടികളുടെ ശാരീരിക വളർച്ച എന്ന് അർത്ഥമാകുന്നു;

(എച്ച്) "മാനസികം" എന്നാൽ കുട്ടികളുടെ മാനസിക വളർച്ച എന്ന് അർത്ഥമാകുന്നു;

(ഐ) "തദ്ദേശാധികാര സ്ഥാപനങ്ങൾ" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് / മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് അല്ലെങ്കിൽ ഒരു മുനിസിപ്പൽ കൗൺസിൽ അല്ലെങ്കിൽ ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(ജെ) "ജില്ലാ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(കെ) "മുനിസിപ്പാലിറ്റി" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ടൗൺ/മുനിസിപ്പൽ കൗൺസിൽ/ഒരു മുനിസിപ്പൽ കോർപ്പറേഷൻ എന്നർത്ഥമാകുന്നു;

(എൽ) "ഗ്രാമ പഞ്ചായത്ത് " എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 4-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ഗ്രാമപഞ്ചായത്ത് എന്നർത്ഥമാകുന്നു;

(എം) "കളക്ടർ " എന്നാൽ ജില്ലാ കളക്ടർ എന്നർത്ഥമാകുന്നു;

(എൻ) "ജില്ലാതല അതോറിറ്റി" എന്നാൽ ഈ ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാതല അതോറിറ്റി എന്നർത്ഥമാകുന്നു;

(ഒ) "ജില്ലാ വിദ്യാഭ്യാസ ഓഫീസർ" എന്നാൽ ജില്ലയിൽ മുഴുവൻ അധികാര പരിധിയുള്ള വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥൻ എന്നർത്ഥമാകുന്നു.

3. <u>പ്രീപ്രൈമറി വിദ്യാഭ്യാസ ശാക്തീകരണ ബോർഡ് രൂപീകരണം.</u>—ഗസറ്റ് വിജ്ഞാപനം വഴി നിർദേശിക്കുന്ന തിയ്യതി മുതൽ പ്രാബല്യത്തോട് കൂടി പ്രീ പ്രൈമറി ശാക്തീകരണത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും, പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും പ്രീ പ്രൈമറി ശാക്തീകരണ ബോർഡ് എന്ന പേരിൽ ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. <u>ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.</u>—ബോർഡ് ഗസറ്റ് വിജ്ഞാപനത്തിലൂടെ പന്ത്രണ്ടംഗ ഭരണസമിതിയെ നിയമിക്കേണ്ടതും അതിൽ നിർബന്ധമായും മൂന്ന് നിയമസഭാ സാമാജികരും ഒരു വിദ്യാഭ്യാസ പ്രവർത്തകനും ബാക്കി സർക്കാർ നിർദ്ദേശിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

i സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

ii. സംസ്ഥാന പൊതുവിദ്യാഭ്യാസ സെക്രട്ടറി

iii. സംസ്ഥാന പൊതുവിദ്യാഭ്യാസ ഡയറക്ടർ

iv. ശിശുക്ഷേമ വകുപ്പ് മന്ത്രി

v. ആരോഗ്യ വകുപ്പ് മന്ത്രി

vi. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

vii. തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ

viii. പ്രീ പ്രൈമറി അധ്യാപകൻ/അധ്യാപിക.

ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ സർക്കാരിന് ചെയർമാനായോ / ചെയർ പേഴ്സണായോ നാമനിർദേശം ചെയ്യാവുന്നതാണ്.ആക്റ്റിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ്.

(എ) സംസ്ഥാനത്തിന്റെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തെക്കുറിച്ച് വിശദമായ പഠനം നടത്തി പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ നാല് ഘടകങ്ങളായി തരംതിരിച്ച് സംസ്ഥാന തലത്തിൽ ഏകീകരണ സ്വഭാവം ഉണ്ടാക്കി ശാക്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

താഴെപ്പറയുന്ന രീതിയിലാണ് പ്രീ പ്രൈമറി കാലഘട്ടത്തെ ഭൗതികം, അക്കാദമികം, ശാരീരികം, മാനസികം എന്നീ തരത്തിൽ വിലയിരുത്തി ഏകീകരണം നടത്തി പൊതുവായ കരിക്കുലം ബോർഡിന്റെ കീഴിൽ നടപ്പിൽ വരുത്തുക,—

i)ഭൗതികം— പ്രീ സ്കൂൾ കാലഘട്ടത്തിന് അനുസൃതമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കാൻ നമുക്ക് സാധിക്കണം. കുട്ടികൾക്ക് കളിയിടങ്ങൾ, വിശ്രമമുറി, അക്കാദമിക പ്രവർത്തനങ്ങൾ ചെയ്യുന്നതിന് വേണ്ടിയുള്ള പഠനമുറി, ശുചിമുറി, ഫർണിച്ചറുകൾ, പഠനോപാധികൾ, കളികൾക്കും കലകൾക്കും ഉള്ള ഉപകരണങ്ങൾ മുതലായ പ്രീ സ്കൂൾ വിദ്യാർത്ഥി കേന്ദ്രീകൃതമായ രീതിയിലുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം;

ii) അക്കാദമികം—പുതിയ നൂതന മനശാസ്ത്ര തത്വങ്ങൾക്കനുസൃതമായി കുട്ടികളിൽ അന്തർലീനമായിട്ടുള്ള ശേഷികളെ ഉണർത്തുന്ന രീതിയിലുള്ള അക്കാദമിക പ്രവർത്തനങ്ങൾ കുട്ടികൾക്ക് നൽകാൻ സാധിക്കണം. ഇതിനാൽ നൂതന പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടിയുള്ള ട്രെയിനിങ് നടത്തിയ അധ്യാപകർ, ശിശു സേവികമാർ എന്നിവരെ ഉപയോഗിച്ച് കുട്ടികളിൽ താൽപര്യമുണർത്തുന്ന രീതിയിലുള്ള പ്രവർത്താനാധിഷ്ഠിത കളികളും പഠനപ്രവർത്തനങ്ങളും ആണ് കുട്ടികൾക്കായി നൽകേണ്ടത് ;

iii) ശാരീരികം—കുട്ടികളുടെ ശാരീരിക വളർച്ചക്ക് ഉതകുന്ന രീതിയിലുള്ള പോഷക സമ്പുഷ്ടം ആയിട്ടുള്ള ആഹാരവും, മറ്റു പോഷകങ്ങളും കുട്ടികൾക്ക് നൽകാൻ സാധിക്കണം;

iv) മാനസികം—മാനസിക വളർച്ചക്ക് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഈ ഘട്ടത്തിൽ അതിനനുസൃതമായിട്ടുള്ള കൈത്താങ്ങലുകളും, മാനസിക ദൃഢതയും, ഉൾക്കാഴ്ചയും കുട്ടികൾക്കായി നൽകാൻ സാധിക്കണം.

(ബി) ഇത്തരത്തിൽ പൊതു കരിക്കുലവും അതിനോട് അനുബന്ധിച്ച് സംസ്ഥാനതല, ജില്ലാതല, പഞ്ചായത്ത് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

5. <u>ജില്ലാതല അതോറിറ്റിയുടെ രൂപീകരണവും ഘടനയും</u>.—(1) സർക്കാർ വിജ്ഞാപനം വഴി ഈ ആക്റ്റ് നിലവിൽവന്നതിന് ശേഷം എത്രയുംവേഗം സംസ്ഥാനത്തെ ഓരോ ജില്ലക്കു വേണ്ടിയും നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഓരോ അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

(2) ഓരോ ജില്ലാതല അതോറിറ്റിയിലും താഴെപ്പറയുന്ന പ്രകാരത്തിലുള്ള അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് :—

(എ) ജില്ലാ കളക്ടർ;

(ബി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ;

(സി) ജില്ലയിൽ നിന്നുള്ള നിയമസഭാ സമാജികർ;

(ഡി) ജില്ലാ വിദ്യാഭ്യാസ ഓഫീസർ.

(3) ജില്ലാ കളക്ടർ ജില്ലാതല അതോറിറ്റിയുടെ ചെയർമാനും ജില്ലാ വിദ്യാഭ്യാസ ഓഫീസർ കൺവീനറുമായിരിക്കുന്നതാണ്.

6. <u>ജില്ലാതല അതോറിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി ജില്ലാതല അതോറിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്,—

i) ജില്ലാ തലത്തിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ സന്ദർശിച്ച് പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

ii) ജില്ലാ തലത്തിൽ പ്രീ പ്രൈമറി അധ്യാപകർക്ക് ആവശ്യമായിട്ടുള്ള ട്രെയിനിങ്ങുകളും ശില്പശാലകളും സംഘടിപ്പിക്കുക.

iii) ജില്ലാതല ക്ലസ്റ്ററുകൾ വിളിച്ച ചേർത്ത് എല്ലാ മാസവും അവലോകനവും, മെച്ചപ്പെടുത്തേണ്ടതിനെ കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക.

iv) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യുക;

v) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെകുറിച്ച് ഉപദേശം നൽകുക;

7. <u>പ്രാദേശികതല സംഘാടകസമിതിയുടെ രൂപീകരണം</u>.—(1) ഗ്രാമപഞ്ചായത്തുകളിൽ താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സംഘാടകസമിതി രൂപീകരിക്കേണ്ടതാണ്,—

(എ) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർമാൻ/ ചെയർ പേഴ്സൺ/ മുനിസിപ്പൽ കോർപ്പറേഷൻ മേയർ;

(ബി) പ്രസ്തുത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് / മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി;

(സി) പ്രസ്തുത പ്രദേശത്തെ വില്ലേജ് ഓഫീസർമാർ;

(ഡി) പ്രസ്തുത പ്രദേശത്തെ വിദ്യാഭ്യാസ ഓഫീസർമാർ;

(എഫ്) പ്രദേശത്തെ തദ്ദേശസ്വയംഭരണ അധികാര സ്ഥാപനത്തിലെ ഭരണ സമിതി നിശ്ചയിക്കുന്ന 3 പൊതു പ്രവർത്തകർ;

(ജി) തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങളിൽനിന്നും ഭരണ സമിതി നിർദ്ദേശിക്കുന്ന 3 അംഗങ്ങൾ.

(2) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ് / ചെയർപേഴ്സൺ / ചെയർമാൻ / മേയർ അതത് സംഗതിപോലെ സമിതിയുടെ ചെയർമാനായിരിക്കേണ്ടതും പഞ്ചായത്ത് /മുനിസിപ്പൽ /കോർപ്പറേഷൻ സെക്രട്ടറി അതത് സംഗതിപോലെ കൺവീന റായിരിക്കേണ്ടതുമാണ്.

(3) ചെയർമാൻ നിശ്ചയിക്കുന്ന സ്ഥലത്തും, സമയത്തും അതോറിറ്റിയുടെ യോഗം ചേരേണ്ടതും ഈ ആക്റ്റ് പ്രകാരം ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളും കർത്തവ്യങ്ങളും നിർവഹിക്കേണ്ടതുമാണ്.

8. <u>പ്രാദേശികതല സംഘാടകസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.— 1) പ്രാദേശിക തലത്തിൽ പ്രീ പ്രൈമറി വിദ്യാലയങ്ങൾ സന്ദർശിച്ച് പഠന പ്രവർത്തനങ്ങൾ വിലയിരുത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

2) പ്രാദേശികതലത്തിൽ പ്രീ പ്രൈമറി അധ്യാപകർക്ക് ആവശ്യമായിട്ടുള്ള ട്രെയിനിംഗുകളും ശില്പശാലകളും സംഘടിപ്പിക്കുക.

3) പ്രാദേശികതല ക്ലസ്റ്ററുകൾ വിളിച്ച് ചേർത്ത് എല്ലാ മാസവും അവലോകനവും മെച്ചപ്പെടുത്തേണ്ടതിനെ കുറിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകുക.

4) ഈ ആക്റ്റ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവഹിക്കുകയും ചെയ്യുക;

5) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള മറ്റേതെങ്കിലും സംഗതിയെ കുറിച്ച് ഉപദേശം നൽകുക.

9. ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്റ്റ് പ്രകാരം സർക്കാരിന്റെ ചുമതലകളും /കർത്തവ്യങ്ങളും നിർവഹിക്കുന്നതിന് ബോർഡിനെ സഹായിക്കുന്ന ഒരു സെക്രട്ടറിയും ആവശ്യമെങ്കിൽ അവർ കരുതുന്ന അത്ര മറ്റു ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

10. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(എ) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് :

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോഴോ ഒരു സമ്മേളനത്തിലെ തുടർച്ചയായുള്ള രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വെക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭാ ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടായിരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ചട്ടത്തിന് അതിനുശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്ത രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ശിശുക്കളുടെ വികാസ പ്രക്രിയയിൽ പ്രഥമ ഗണനീയമായ ഒരു സ്ഥാനമാണ് പ്രീ സ്കൂൾ വിദ്യാഭ്യാസത്തിനുള്ളത്. കുട്ടികളിൽ അന്തർലീനമായ കർമ്മ ശേഷികളും വൈഭവങ്ങളും രൂപപ്പെടുന്നതിനും അവ ഭാവി ജീവിതത്തിന് അടിസ്ഥാനശിലയാകുന്നതും ശൈശവകാലത്തെ അനുഭവങ്ങൾ വഴിയാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ശൈശവകാല

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഏകീകൃത പാഠ്യ പദ്ധതിയോ നിയന്ത്രണ സംവിധാനമോ വ്യക്തമായ മാർഗ നിർദ്ദേശങ്ങളോ ഇന്ന് നിലവിലില്ല. ഈ കുറവ് നികത്തുന്നതിനായി പ്രീ-സ്കൂൾ സ്ഥാപനങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക എന്നത് സർക്കാരിന്റെ ലക്ഷ്യമായി മാറുന്നു. വിദ്യാഭ്യാസ അവകാശനിയമം 2009-ന്റെ അടിസ്ഥാനത്തിൽ മൂന്ന് മുതൽ ആറു വരെ പ്രായമുള്ള കുട്ടികളുടെ പരിചരണവും വിദ്യാഭ്യാസവും ഏറ്റെടുത്തു നടത്താനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ബോർഡ് രൂപീകരിച്ച് ഇന്നത്തെ അവസ്ഥയും മനശാസ്ത്രപരമായ ഘടകങ്ങളും വിശകലനം ചെയ്തുകൊണ്ട് പുതിയ കരിക്കുലം വഴി കേരളത്തിൽ ഒരു ഏകീകൃത പ്രീ പ്രൈമറി സംവിധാനം രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബില്ല് .

## ധനകാര്യ മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾക്കനുസരിച്ച് പ്രീ പ്രൈമറി ശാക്തീകരണ ബോർഡ് നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിന് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും ബോർഡിന്റെ പ്രാരംഭ ചെലവുകൾക്ക് ഒരു കോടി രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണ അധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വെക്കേണ്ടതാണ്. സഭയ്ക്ക് അത് അംഗീകരിക്കാനും ഭേദഗതി ചെയ്യുന്നതിനുമുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണ അധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

ഇ.ടി. ടൈസൺ മാസ്റ്റർ എം. എൽ. എ.